## പതിനഞ്ചാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്

07-06-2021

### (5) ചട്ടങ്ങളുടെ ലംഘനം

2021 ജൂൺ 7-ാംതീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പായി ഭരണഘടനയുടെ അനുച്ഛേദം 203(3), 206 എന്നിവ പ്രകാരം 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിനോടനുബന്ധിച്ച രേഖകൾ അംഗങ്ങൾക്ക് യഥാസമയം വിതരണം ചെയ്തിട്ടില്ലാത്തത് ചട്ടപ്രകാരം സഭാനടപടികളുടെ ലംഘനമാണെന്നും പൊതുചർച്ചകൾക്കുശേഷം ധനാഭ്യർത്ഥന സംബന്ധിച്ച സൂക്ഷ്മപരിശോധന നടത്തേണ്ട സബ്ജക്ട് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലാത്തതിനാൽ ചട്ടം 142 താൽക്കാലികമായി മരവിപ്പിക്കുകയോ സമിതികളുടെ രൂപീകരണം ഉടൻ പൂർത്തിയാക്കുകയോ ചെയ്യണമെന്നും ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും മാനിക്കാത്ത നടപടിക്കെതിരെ റൂളിംഗ് നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*.

പുതിയ നിയമസഭ നിലവിൽ വരികയും പെട്ടെന്നുതന്നെ സഭാസമ്മേളനം

ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അനുവദനീയമായ താമസസൗകര്യങ്ങൾ ഏർപ്പാടാക്കുന്നതിൽ മനഃപൂർവ്വമല്ലാത്ത ചില വൈഷമ്യങ്ങളുണ്ടായിട്ടുണ്ട്. കോവിഡ്കാലം കൂടിയായതിനാൽ ബഡ്ജറ്റ് സംബന്ധിച്ച രേഖകൾ അംഗങ്ങൾക്ക് മുറികളിൽ ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിലും രേഖകൾ യഥാസമയം എത്തിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം പൂർത്തീകരിക്കാതെ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച ആരംഭിക്കുന്ന കാര്യത്തിൽ ചട്ടലംഘനമോ കീഴ്‌വഴക്കങ്ങളുടെ ലംഘനമോ ഉണ്ടായിട്ടില്ല. പുതിയ നിയമസഭ നിലവിൽ വരുന്ന സന്ദർഭങ്ങളിൽ വളരെ അപൂർവ്വമായിട്ടാണെങ്കിൽപ്പോലും സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം പൂർത്തിയാകുന്നതിന് മുമ്പായി പൊതുചർച്ച ആരംഭിച്ചിട്ടുണ്ട്. വിവിധ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം പൊതുചർച്ച ആരംഭിക്കുന്ന ഇന്നുതന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ആയതിനാൽ ചട്ടം 142 താൽക്കാലികമായി മരവിപ്പിക്കേണ്ട സാഹചര്യം നിലവിലില്ല. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.